**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **620** — 09.02.2016-ൽ മറുപടിക്ക്

## സംസ്ഥാനത്തെ ഇലക്ട്രോണിക്സ് അധിഷ്ഠിത ഇടപാടുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.എൻ.എ. ഖാദർ** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ് അധിഷ്ഠിത ഇടപാടുകളിൽ കേരളത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. ഇലക്ട്രോണിക്സ് അധിഷ്ഠിത ഇടപാടുകളിൽ ദേശീയ തലത്തിൽ കേരളം 2015-ൽ മൂന്നാം സ്ഥാനത്തായിരുന്നു. |
| (ബി) പൊതു സേവനങ്ങൾ ഇലക്ട്രോണിക്സ് അധിഷ്ഠിതമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഏതെല്ലാം പ്രധാന സേവനങ്ങൾ ഇ-സേവനങ്ങളാക്കി മാറ്റിയിട്ടുണ്ട്; ഇനി ഏതെല്ലാം സേവനങ്ങൾ ഇ-സേവനം വഴി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; | (ബി) പൊതുസേവനങ്ങൾ ഇലക്ട്രോണിക്സ് അധിഷ്ഠിതമാക്കുന്നതിനായി സർക്കാർ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മിഷൻ 676-നു കീഴിൽ വിവിധ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇ-ഗവേണൻസിലേക്കായി സംസ്ഥാന ഡാറ്റ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, എം-ഗവേണൻസ്, വീഡിയോ കോൺഫറൻസ്, മുതലായ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ എജൻസിയായ ഐ.ടി.മിഷൻ കൺസൽട്ടൻസി സേവനങ്ങളും നല്കുന്നുണ്ട്.<br><br>വിവിധ വകുപ്പുകളുടെ സർട്ടിഫിക്കറ്റ് സേവനങ്ങൾ ഓൺലൈനായി സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച സർവ്വീസ് പ്ലസ് എന്ന പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എല്ലാ സർക്കാർ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ (എസ്.എസ്.ഡി .ജി) എന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. എസ്.എസ്.ഡി.ജി. വഴിയുള്ള ആദ്യഘട്ട സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട് .ഇതിനായി രൂപം നല്കിയ പോർട്ടൽ http://eservices.kerala.gov.in എന്ന വിലാസത്തിൽ നിലവിൽ വന്നിട്ടുണ്ട്. ഈ പോർട്ടൽ വഴി വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഗ്രാമവികസനം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളുടെ ചുവടെ ചേർത്തിരിക്കുന്ന 6 സേവനങ്ങൾ നിലവിൽ ലഭ്യമാണ്. |

| Sl. No. | Department | Service |
|---|---|---|
| 1. | Kerala Water Authority | Application for new water connection |
| 2. | VHSE | Application for Migration Certificate |
| 3. | VHSE | Application for Equivalency Certificate |
| 4. | VHSE | Application for Duplicate Certificate |
| 5. | Rural Development | Application for NREGA Job |
| 6. | Rural Development | Application for IAY |

വിവിധ വകുപ്പുകളുടെ 57 സേവനങ്ങളാണ് എസ്.എസ്.ഡി .ജിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.

ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വഴി 25 സേവനങ്ങൾ ഓൺലൈനായി നൽകിവരുന്നു.അടുത്ത ഘട്ടമായി ഓൺലൈൻ ആർ.ടി.ഐ, പൊതുജന പരാതി പരിഹാര സേവനങ്ങൾ, റവന്യൂ കോർട്ട് കേസ് എന്നീ സേവനങ്ങൾ നൽകുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മോട്ടോർ വാഹന വകുപ്പ്, നികുതി വകുപ്പ്, റജിസ്ട്രേഷൻ, തദ്ദേശ സ്വയംഭരണം, ട്രഷറി, ആരോഗ്യം, പോലീസ് തുടങ്ങിയ വകുപ്പുകളുടെ നിരവധി സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാണ്.

(സി) ഇ-ഗവേണൻസ് രംഗത്ത് സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണ്; ഇത് നേരിടുന്നതിനും പൂർണ്ണമായി ഇ-ഗവേണൻസിലേക്ക് മാറുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

(സി) ഇ-ഗവേണൻസ് നടപ്പാക്കുന്നതിന് മുൻപ് അടിസ്ഥാന സൗകര്യങ്ങളായ കംപ്യൂട്ടർ, നെറ്റ് വർക്ക്സംവിധാനം, തുടങ്ങിയവ സജ്ജമാക്കുക. പൊതുജനങ്ങളേയും ജീവനക്കാരെയും ബോധവൽക്കരിക്കുക, ആവശ്യമായ പരിശീലനം നൽകുക തുടങ്ങിയവ പൂർത്തീകരിക്കേണ്ടതുണ്ട്.

വിവിധ ഇ-ഗവേണൻസ് കർമ്മ പദ്ധതികളുടെ നിർവ്വഹണത്തിനായി നടപടി ക്രമങ്ങളും മാനുവലുകളും, ഉത്തരവുകളും മാറ്റം വരുത്തേണ്ടതുണ്ട്. ഉദാ:-ഇ-ഓഫീസിന്റെ നിർവ്വഹണത്തിനുവേണ്ടി സെക്രട്ടേറിയേറ്റ് മാനുവലിൽ മാറ്റം വരുത്തുന്നതിലേക്കായി പ്രത്യേക കമ്മിറ്റി രൂപവത്കരിച്ചിട്ടുണ്ട്.

വകുപ്പുകളുടെ കമ്പ്യൂട്ടർവൽക്കരണം, ഡിജിറ്റൈസേഷൻ, നെറ്റ് വർക്ക് കണക്റ്റിവിറ്റി ലഭ്യമാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

വിവിധ വകുപ്പുകളുടെ കീഴിലുള്ള പദ്ധതികൾ, അതാത് വകുപ്പുകൾ തന്നെയാണ് നിർവഹണ നിയന്ത്രണം നടത്തുന്നത്. നയപരമായ

തീരുമാനങ്ങൾ എടുക്കുന്നതിലേക്കായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിങ്ങ് കമ്മിറ്റിയും, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപ്പെക്സ് കമ്മിറ്റിയും ഉണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതികളായ 'ഇ-ഹെൽത്ത്', സി.സി.ടി.എൻ.എസ്. (Crime and Criminal Tracking Networking System), ഇ-പി.ഡി.എസ്. (Electronic Public Delivery System), 'വാഹന സാരഥി' തുടങ്ങിയവയുടെ നിർവഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

Safinus

**സെക്ഷൻ ഓഫീസർ**